
# ബഷീർ

## ആനവാരിയും പൊൻകുരിശും



# ബഷീർ

## ആനവാരിയും പൊൻകുരിശും



# വൈക്കം മുഹമ്മദ് ബഷീർ
# (1908-1994)

1908 ജനുവരി 19-ന് വൈക്കം താലൂക്കിൽ തലയോലപ്പറമ്പിൽ ജനിച്ചു. തലയോലപ്പറമ്പിലുള്ള മലയാളം സ്കൂളിലും വൈക്കം ഇംഗ്ലിഷ് സ്കൂളിലും പഠിച്ചു. ഇന്ത്യൻ നാഷനൽ കോൺഗ്രസ്സിൽ ചേർന്ന് സ്വാതന്ത്ര്യ സമരത്തിന്റെ ഭാഗമായി കോഴിക്കോട്ടു നടന്ന ഉപ്പുസത്യഗ്രഹത്തിൽ പങ്കുകൊണ്ടു. അതിന്റെ പേരിൽ മർദ്ദനത്തിനിരയാകുകയും ജയിൽ ശിക്ഷ അനുഭവിക്കുകയും ചെയ്തു. പത്തു വർഷത്തോളം ഇന്ത്യയൊട്ടാകെ സഞ്ചരിച്ചു; പിന്നീട് ആഫ്രിക്ക, അറേബ്യ തുടങ്ങിയ രാജ്യങ്ങളിലും. ബാല്യകാലസഖി, പാത്തുമ്മായുടെ ആട്, ന്റുപ്പുപ്പാക്കൊരാനേണ്ടാർന്ന്! എന്നീ കൃതികൾ ഇന്ത്യയിലെ പ്രധാന ഭാഷകളിലെല്ലാം തർജ്ജമ ചെയ്ത് പ്രസിദ്ധപ്പെടുത്തിയിട്ടുണ്ട്. മതിലുകൾ, ശബ്ദങ്ങൾ, പ്രേമലേഖനം എന്നീ കൃതികളും പൂവൻപഴം ഉൾപ്പെടെ 16 കഥകളുടെ ഒരു സമാഹാരവും ഓറിയന്റ് ലോങ്മാൻ ഇംഗ്ലിഷിൽ പ്രസിദ്ധീകരിച്ചു. സാഹിത്യഅക്കാദമിയുടെയും കേരള സാഹിത്യഅക്കാദമിയുടെയും ഫെലോഷിപ്പ് ലഭിച്ചിട്ടുണ്ട്. ഇന്ത്യാഗവണ്മെന്റ് പദ്മശ്രീ നല്കി ആദരിച്ചു. 1994 ജൂലൈ 5-ന് നിര്യാതനായി.

# വൈക്കം മുഹമ്മദ് ബഷീറിന്റെ ഞങ്ങൾ പ്രസിദ്ധീകരിച്ച കൃതികൾ

## നോവൽ

അനുരാഗത്തിന്റെ ദിനങ്ങൾ, ആനവാരിയും പൊൻകുരിശും,
ജീവിതനിഴൽപ്പാടുകൾ, താരാസ്പെഷ്യൽസ്,
ന്റുപ്പുപ്പാക്കൊരാനേണ്ടാർന്ന്!, പാത്തുമ്മായുടെ ആട്,
പ്രേമലേഖനം, പ്രേംപാറ്റ, ബാല്യകാലസഖി, മതിലുകൾ,
മരണത്തിന്റെ, നിഴലിൽ, മാന്ത്രികപ്പൂച്ച, മുച്ചീട്ടുകളിക്കാരന്റെ മകൾ, ശബ്ദങ്ങൾ,
സ്ഥലത്തെ പ്രധാന ദിവ്യൻ

## കഥകള്

ആനപ്പൂട, ഒരു ഭഗവദ്ഗീതയും കുറെ മുലകളും, ഓർമ്മക്കുറിപ്പ്, ചിരിക്കുന്ന മരപ്പാവ,
ജന്മദിനം, ‘നീലവെളിച്ചവും മറ്റ് പ്രധാന കഥകളും, പാവപ്പെട്ടവരുടെ വേശ്യ,
ബഷീറിന്റെ 10 കഥകൾ, ഭൂമിയുടെ അവകാശികൾ, വിഡ്ഢികളുടെ സ്വർഗ്ഗം, വിശപ്പ്,
വിശ്വവിഖ്യാതമായ മൂക്ക്, ശിങ്കിടിമുങ്കൻ, സ്വാതന്ത്ര്യസമരകഥകൾ

## നാടകം

കഥാബീജം

## ലേഖനങ്ങള്

അനർഘനിമിഷം, ജീവിതം ഒരനുഗ്രഹം, ധർമ്മരാജ്യം

## ചോദ്യോത്തരം, കത്തുകൾ

നേരും നുണയും, ബഷീറിന്റെ കത്തുകൾ

## സ്മരണ

എം.പി. പോൾ,
ഓർമ്മയുടെ അറകൾ

## പ്രഭാഷണം

ചെവിയോർക്കുക! അന്തിമകാഹളം

## തിരക്കഥ

ഭാർഗ്ഗവീനിലയം

## ബാലസാഹിത്യം
സർപ്പയജ്ഞം

## പലവക
യാ ഇലാഹീ!

•

ബഷീർ സമ്പൂർണ്ണകൃതികൾ (രണ്ടു വാല്യങ്ങൾ)

വൈക്കം മുഹമ്മദ് ബഷീർ

# ആനവാരിയും പൊൻകുരിശും

ഡി സി ബുക്സ്

# ഉള്ളടക്കം

[ഒന്ന്](#)

[രണ്ട്](#)

[മൂന്ന്](#)

[നാല്](#)

# ഒന്ന്

ഈശ്വരാനുഗ്രഹത്തോടുകൂടിത്തന്നെ പറയാമല്ലോ: സ്ഥലത്ത് രണ്ടാനകളുണ്ട്. ചാത്തങ്കേരി മന വകയാണ്. ഒന്നിന്റെ പേര് കൊച്ചുനീലാണ്ടൻ, മറ്റേതിന്റെ പേര് പാറുക്കുട്ടി. രണ്ടും സ്ഥലവാസികളുടെ കണ്ണിലുണ്ണികളായി പ്രശോഭിക്കുന്നു.

കൊച്ചുനീലാണ്ടൻ മഹാപോക്രിയാണ്. വലിയ തലയെടുപ്പുകാരനും. ഉഗ്രങ്ങളായ രണ്ടു നീണ്ട വെള്ളക്കൊമ്പുകളുണ്ട്. രണ്ടു കൊമ്പുകളുടെയും അറ്റം സൂചിപോലെ. ലോകത്തിന്റെ നടത്തിപ്പിൽ എന്തെങ്കിലും അഹിതം അവനു തോന്നുകയാണെങ്കിൽ ഉടനെ അവൻ ഒരാനക്കാരനെ കൊല്ലും. ഈ ആവശ്യത്തിലേക്കായി ചാത്തങ്കേരി മനയ്ക്കലെ കാരണവരായ കൊച്ചു നാരായണൻ നമ്പൂതിരിപ്പാട് ധാരാളം ആനക്കാരന്മാരെ സ്റ്റോക്ക്ചെയ്തിട്ടുണ്ട്. കൊച്ചുനീലാണ്ടനു മാത്രമായി സ്ഥിരം ആറു പേരാണുള്ളത്. ഇതിൽ കഷണ്ടിയുള്ളവർ ആരുമില്ല. കുടുമയ്ക്കു ചുറ്റിപ്പിടിച്ചു മരത്തിലടിച്ചാണ് കൊച്ചുനീലാണ്ടൻ ആനക്കാരന്മാരെ കാച്ചുന്നത്. പിന്നെ സൂചിക്കൊമ്പുകൾകൊണ്ടു കോപത്തോടെ കുത്തുകയും ചെയ്യും. അതിനുശേഷം അവൻ രണ്ടുമൂന്നു ദിവസത്തേക്കു പിണങ്ങി നടക്കും. ആ നാളുകളിൽ സ്ഥലത്തു വലിയ ആഘോഷം പോലെയാണ്.

നാളിതുവരെ കൊച്ചുനിലാണ്ടൻ പതിനൊന്ന് ആനക്കാരന്മാരെ മരങ്ങളിലടിച്ചും കുത്തിയും കൊന്നു കൊലവിളി നടത്തിയിട്ടുണ്ട്.

പാറുക്കുട്ടി ശുദ്ധ പാവമാണ്. കൊമ്പുകളില്ല. അവൾ ആരെയും കൊന്നിട്ടില്ല; കൊലവിളിയും നടത്തിയിട്ടില്ല. സൗമ്യ. അവൾക്കു പേരിന് ഒരേയൊരു ആനക്കാരനുണ്ട്. ഇല്ലെങ്കിലും കുഴപ്പമൊന്നുമില്ല. സദ്ഗുണസമ്പൂർണയാണവൾ. അവളെ ആർക്കും എപ്പോഴും തൊടാം. പക്ഷേ, വാലിലെ രോമം പിഴുതെടുത്തു വേദനിപ്പിക്കരുതെന്നുമാത്രം.

കൊച്ചുനീലാണ്ടനെ സ്നേഹിക്കുകയും പാറുക്കുട്ടിയെ വെറുക്കുകയും ചെയ്യുന്ന സ്ഥലത്തെ ഒരു പ്രമാണിയാണ് ആനവാരി രാമൻനായർ. മറിച്ച് പാറുക്കുട്ടിയെ സ്നേഹിക്കുകയും അവൾക്കു ശർക്കരയുണ്ട, പഴം മുതലായവ വാങ്ങിക്കൊടുക്കുകയും കൊച്ചു നീലാണ്ടനെ വെറുക്കാതിരിക്കുകയും ചെയ്യുന്ന സ്ഥലത്തെ വേറൊരു പ്രമാണിയാണ് പൊൻകുരിശുതോമ.

ഈ ലോകം ഇതിലുള്ള എല്ലാവരുടേതുമാണ്. സ്വകാര്യ ഉടമ നിഷിദ്ധം. ആർക്കും ആരുടേതും എടുക്കാം. ഇങ്ങനെയുള്ള സമത്വ സുന്ദരമായ ദർശനമാണ് ആനവാരി രാമൻനായർക്കും പൊൻകുരിശു തോമ മുതൽപേർക്കുമുള്ളത്.

ആനവാരിയും പൊൻകുരിശും സഖാക്കളാണ്. പണ്ടൊരു കാലത്ത് അമ്മുക്കുട്ടിയെന്ന പേരായ ഒരു മഹിളാരത്നം പ്രേമ സംബന്ധമായി ആനവാരി രാമൻനായരെ ലേശം ചതിച്ചു. തന്മൂലം ആ നാൾതൊട്ട് സ്ത്രീവർഗത്തോടു മൂപ്പർക്കു വലിയ ഇഷ്ടമൊന്നുമില്ല. മറിച്ച് സ്ത്രീവർഗത്തോടു ബഹുമാനവും സ്നേഹവുമുള്ള ദാർശനികനാണ് പൊൻകുരിശുതോമ.

ലോകത്തിന്റെ നടത്തിപ്പിൽ നമുക്കെല്ലാവർക്കുംതന്നെ വലിയ അഹിതം തോന്നുന്ന ഘട്ടങ്ങൾ വരാറുണ്ടല്ലോ. ആ ജാതി സന്ദർഭങ്ങളിൽ ആനവാരി രാമൻനായർ എവിടെനിന്നെങ്കിലും നാലണ [*]--സമ്പാദിച്ചു പഴവും ശർക്കരയും വാങ്ങിക്കും. എന്നിട്ട് പറമ്പിൽനിന്നു രണ്ടുമൂന്നു മൺകട്ടകളുമായി പാറുക്കുട്ടിയുടെയും കൊച്ചുനീലാണ്ടന്റെയും അടുത്തു ചെല്ലും. പാറുക്കുട്ടിയുടെ കൺമുന്നിൽവെച്ചു ശർക്കരയും പഴവും കൊച്ചുനീലാണ്ടനു കൊടുക്കും. അതിനുശേഷമുള്ള പണി മൺകട്ടകൊണ്ട് പാറുക്കുട്ടിയുടെ പള്ളയ്ക്ക് മൂന്ന് ഏറുവച്ചുകൊടുക്കലാണ്. അധികമൊന്നും നൊന്തിട്ടില്ലെങ്കിൽത്തന്നെയും പാറുക്കുട്ടി ഉച്ചത്തിൽ നിലവിളിക്കും. പെണ്ണല്ലേ...അപ്പോൾ ആനവാരി പറയും:

'പോടീ കഴ്തേ!'

അതുപോലുള്ള സന്ദർഭങ്ങളിൽ പൊൻകുരിശുതോമ ചോദിക്കും:

'ആനവാരീ...തനിക്കെന്താ കിറുക്കുണ്ടോ?'

ആനവാരി മഹാദേഷ്യക്കാരനാണ്. ശുണ്ഠി മൂക്കത്ത്. ക്ഷുഭിതന്. അദ്ദേഹം താക്കീതുകൊടുക്കും:

'പൊൻകുരിശേ...മിണ്ടിപ്പോയാ നിന്റെ മൂക്കു ചെത്തി ഞാനുപ്പിലിടും!

പൊൻകുരിശു തോമ സമാധാനപ്രിയനാണ്. അദ്ദേഹം മിണ്ടുകയില്ല.

ആനവാരിയും പൊൻകുരിശും പണ്ട് വെറും രാമൻനായരും തോമയും ആയിരുന്നു. അവർക്ക് 'ആനവാരി' എന്നും പൊൻകുരിശ് എന്നുമുള്ള ബഹുമതികൾ ആരു കൊടുത്തു? ഈ ചോദ്യം ഒരു നൂറു കുറി വിനീതനായ ഈ ചരിത്രകാരൻ അവരോടു ചോദിച്ചിട്ടുള്ളതാണ്. ഒടുവിലവർ രേഖകൾ ഹാജരാക്കി വിശദമായി പറഞ്ഞുതന്നു. സ്ഥലവാസികൾക്കെല്ലാം അറിയാവുന്നതാണ്. ചരിത്ര വിദ്യാർത്ഥികളുടെ അറിവിലേക്കായി അതിവിടെ സാവധാനം രേഖപ്പെടുത്താം.

[*] ഒരണ = ആറുപൈസ, നാലണ അന്നു കാൽ രൂപ

# രണ്ട്

കൊച്ചനീലാണ്ടൻ ആറാമത്തെ ആനക്കാരനെ കൊന്ന കാലയവനികയ്ക്കുള്ളിൽ ആക്കീട്ട് ഒന്നും അറിയാത്തവനെപ്പോലെ ചുമ്മാ പിണങ്ങിനടക്കുന്ന കാലം.

അന്ന് രാമൻനായർ വെറും രാമൻനായരും തോമ വെറും തോമയുമാണ്. അവരുടെ ബഹുമാന്യ സഖാക്കളായ *--തൊരപ്പൻ അവറാനും, ഡ്രൈവര് പപ്പുണ്ണിയും ആ കാലത്ത് ഭവനഭേദനം, തീവെട്ടിക്കൊള്ള, വെളിയിൽനിന്നു തുരന്നു വീടിനുള്ളിൽക്കയറ്റം എന്നീ കലകളിൽ ഉന്നതവിദ്യാഭ്യാസാർത്ഥം വിദേശങ്ങളിൽ സഞ്ചരിക്കുകയായിരുന്നു ആയതിനാൽ സ്ഥലത്തെ പ്രധാന ബഹളങ്ങളുടെയെല്ലാം നേതൃത്വം രാമൻനായരും തോമയും സ്വയം ഏറ്റെടുത്തു. അവരുടെ ശിഷ്യന്മാരാണെന്നു ചുമ്മാ ഭാവിക്കുന്നവരാണ് മണ്ടൻ മുത്തപ, എട്ടുകാലി മമ്മൂഞ്ഞ് മുതൽപേർ.

സ്ഥലത്തെ പ്രധാന പോക്കറ്റടിക്കാരൻ എന്നുള്ള പദവിക്കുവേണ്ടി മണ്ടൻ മുത്തപ പരിശ്രമിക്കുന്നുണ്ടായിരുന്നു.

കോഴിപിടിത്തം, തേങ്ങയിടൽ, അടയ്ക്കപറിക്കൽ എന്നീ തൊഴിലുകൾ രാത്രികാലങ്ങളിൽ ചെയ്യുന്നതിന് എട്ടുകാലി മമ്മൂഞ്ഞും പരിശീലിക്കുന്നുണ്ടായിരുന്നു.

ഇതുപോലുള്ള നിസ്സാരകലകളിൽ രാമൻനായരും തോമയും വലിയ താൽപര്യമൊന്നും കാണിച്ചിരുന്നില്ല. എങ്കിലും ചില്ലറ ചില ഉപദേശങ്ങൾ കൊടുത്തിരുന്നു എന്നുമാത്രം. സ്വകാര്യ സ്വത്തുടമയ്ക്കെതിരായി വലിയ തോതിൽ സമരം നടത്താനാണവർ ആഗ്രഹിക്കുന്നത്. അനീതിയെ എവിടെ കണ്ടാലും ചെറുക്കുക! തോമയ്ക്കും രാമൻനായർക്കും മറ്റു പണികളൊന്നും ഉണ്ടായിരുന്നില്ല. അങ്ങനെയിരിക്കുമ്പോൾ എട്ടുകാലി മമ്മൂഞ്ഞ് *--ഓടിവന്നു പറഞ്ഞു:

'സങ്കതി അറിഞ്ഞാ? ഞമ്മട കൊച്ചുനീലാണ്ടൻ ആനക്കാരനെ കൊന്നിട്ട് പോലീസുമൂരാച്ചികളെ കുത്താൻ ഇട്ടോടിച്ച്!'

പോലീസുകാർക്കെതിരായി ജനങ്ങൾ നേരത്തേ വിധിയെഴുതിക്കഴിഞ്ഞിട്ടുള്ളതാണ്. പോലീസുകാരെയും സർക്കാരിനെയും മൂരാച്ചികൾ എന്നാണ് സ്ഥലവാസികൾ പറയുന്നത്. പോലീസുകാരെ കൊച്ചുനീലാണ്ടൻ കുത്താൻ ഇട്ടോടിക്കുന്നതിലോ, കുത്തുന്നതിലോ ആർക്കും ഒരു പ്രതിഷേധവുമുള്ളതല്ല. ഇട്ടോടിക്കട്ടെ. കൊച്ചുനീലാണ്ടന്റെ ഒരാഗ്രഹമല്ലേ? ആകെക്കൂടി സ്ഥലത്തു രണ്ടു പോലീസുകാരേയുള്ളു. അവരെ കാച്ചേണ്ടത് ഒരു ജനകീയ ആവശ്യവുമാണ്. കൊച്ചുനീലാണ്ടൻ കാച്ചട്ടെ! രാമൻനായരും തോമയും അനങ്ങിയില്ല.

എട്ടുകാലി മമ്മൂഞ്ഞു ചോദിച്ചു:

'ഞമ്മള് ശെല്ലണ്ടേ?'

തോമയും രാമൻനായരും ഏതാണ്ട് ഒരേ സമയത്തുതന്നെ സഗൗരവം ഇരുത്തി ഒന്നു മൂളി:

'ങ്ഹും'.

വലിയ ആരവം. നാട്ടിലെ പ്രധാന നായ്ക്കളുടെയെല്ലാം ഒരുമിച്ചുള്ള കുര. ജനകീയ കൂക്കുവിളി. ബഹളം. അതങ്ങനെ അധികരിച്ചു വരുന്നു. അപ്പോഴത്തേക്കും പ്രധാനപ്പെട്ട ഒരു വാർത്തയുമായി മണ്ടൻ മുത്തപ ഓടിക്കിതച്ചു വന്നു. മണ്ടൻ മുത്തപ പറഞ്ഞു:

'പോലീസുമൂരാച്ചികള് പറേ...ണ് ഞമ്മടെ കൊച്ചുനീലാണ്ടനെ... വെടിവച്ച് കൊല്ലണോന്ന്!'

ങ്ഹും! പിന്നെ തോമയും രാമൻനായരും ഇരിക്കുമോ? കല്ലുമല്ല മരവുമല്ലവർ. രണ്ടുപേരും ചാടി എണീറ്റു.

നാലുപേരും ഓടി.

തോമയും രാമൻനായരും ചെന്നപാടേ ജനങ്ങൾക്കു മഹത്തായ നേതൃത്വം കൊടുത്തു. അവർ രണ്ട് ഉശിരൻ മുദ്രാവാക്യങ്ങൾ ഇട്ടു:

'പോലീസുമൂരാച്ചിഭരണം നശിക്കട്ടെ!'

'കൊച്ചുനീലാണ്ടൻ സിന്ദാബാദ്!'

ജനങ്ങൾ ഒറ്റക്കെട്ടായി ആർത്തുവിളിച്ചുകൊണ്ടു മുന്നേറി. അവർ പോലീസ് സ്റ്റേഷൻ വളഞ്ഞു. യുദ്ധക്കൊതിയന്മാരായ മൂരാച്ചിസർക്കാരിന്റെ മൂടുതാങ്ങിപ്പോലീസുമൂരാച്ചികൾ കിടുകിടാ വിറച്ചു. തോമയും രാമൻനായരും പ്രസ്താവനകൾ ഇറക്കി. കൊച്ചുനീലാണ്ടനെ വെടിവച്ചു കൊല്ലണമെന്നുള്ള പോലീസ് പ്രസ്താവന മേപ്പടി പോലീസുകാർ നിരുപാധികമായി പിൻവലിക്കുകയും ജനങ്ങളോടു മാപ്പു ചോദിക്കുകയും ചെയ്യണം.

'ഇല്ലെങ്കിൽ?'

രാമൻനായരും തോമയും പറഞ്ഞു:

'പോലീസുമൂരാച്ചികളുടെ മൂക്കു ചെത്തി ഉപ്പിലിടും!'

ഒടുവിൽ ബഹുജനഹിതത്തിനു പോലീസുകാർ കീഴടങ്ങി. അവരുടെ മൂരാച്ചിപ്പിന്തിരിപ്പൻ പ്രസ്താവന അവർ നിരുപാധികമായി പിൻവലിക്കുകയും ജനങ്ങളോടു മാപ്പു ചോദിക്കുകയും ചെയ്തു.

ഈ വിധത്തിൽ ആ കൊച്ചുനീലാണ്ടൻസമരം ജയിച്ചു. പഴം, ശർക്കരയുണ്ട മുതലായവ കൊടുത്ത് പാറുക്കുട്ടിയുടെ സഹായത്തോടുകൂടി കൊച്ചുനീലാണ്ടനെ നദിയിലിറക്കി കുളിപ്പിച്ച് ആഘോഷപൂർവം തളച്ചു.

അന്ന് ചാത്തങ്കേരിമനയ്ക്കലെ കാരണവരായ കൊച്ചു നാരായണൻ നമ്പൂതിരിപ്പാട് ജനങ്ങൾക്ക് ഒരു കഞ്ഞിസദ്യ കൊടുത്തു; ചക്കപ്പുഴുക്കും. അങ്ങനെ സ്ഥലത്തു വീണ്ടും സുഖവും സമാധാനവും കളിയാടി.

പക്ഷേ, രാമൻനായർ, തോമ, എട്ടുകാലി മമ്മൂഞ്ഞ്, മണ്ടൻ മുത്തപ മുതൽ പേർക്കു സുഖമെവിടെ? തൊഴിൽ അറിയാവുന്നതാണ്. ചെയ്യാൻ മനസ്സുണ്ട്; എന്നാൽ, അവസരം എവിടെ? അവർക്കു തൊഴിൽ ഇല്ലാത്തവർക്കുള്ള സർക്കാർ വേതനവും

കൊടുക്കുന്നില്ല. ഇങ്ങനെ ജീവിച്ചുവരുമ്പോൾ ഒരു തൊഴിലവസരം വരുന്നു. ചെറുതാണ്. ചെറുതെങ്കിൽ ചെറുത്.

ആ കാലത്ത് മുച്ചീട്ടുകളിക്കാരൻ ഒറ്റക്കണ്ണൻ പോക്കരുടെ മകൾ സൈനബ [*]-യ്ക്ക് ചെറിയ തോതിൽ വീട്ടിലിരുന്ന് ഒരു കച്ചവടമുണ്ടായിരുന്നല്ലോ- അപ്പം, പുട്ട്, കടല പുഴുങ്ങിയത്, മുട്ട, കപ്പ, കാപ്പി, ഇടിയപ്പം, നേന്ത്രപ്പഴം. ഇതെല്ലാം കാലത്ത് ആറു മണിമുതൽ ഒമ്പതു മണിവരെയേ ഉണ്ടായിരുന്നുള്ളൂ. കടമായി മേല്പടി സാധനങ്ങൾ വാങ്ങിത്തിന്നുകയും കുടിക്കുകയും ചെയ്യുന്ന സ്ഥിരം പറ്റുപടിക്കാരായിരുന്നു രാമൻനായർ, തൊരപ്പൻ അവറാൻ, തോമ, എട്ടുകാലി മമ്മൂഞ്ഞ്, ഡ്രൈവർ പപ്പുണ്ണി, മണ്ടൻ മുത്തപ മുതലായവർ. എന്തിന്- അക്കാലംമുതല്ക്കേ സ്ഥലത്തെ പ്രധാന സുന്ദരിയായിരുന്ന സൈനബയ്ക്ക് സ്ഥലത്തെ പ്രധാന മണ്ടനായിരുന്ന മുത്തപയോട് ഉള്ളുകൊണ്ടിഷ്ടമുണ്ടായിരുന്നു എന്നു ചരിത്രം രേഖപ്പെടുത്തിയിട്ടുണ്ട്. ആയതിനു ബലംകൂട്ടിക്കൊണ്ടു പലേ തെളിവുകളും തോമയ്ക്കും രാമൻനായർക്കും ഹാജരാക്കാൻ കഴിയും. പ്രധാനമായി അവർ പറയുന്നത്, സൈനബ പുട്ടിൽ കാണിച്ച ഭയങ്കര മറിമായത്തെപ്പറ്റിയാണ്. മണ്ടൻമുത്തപയ്ക്കു കൊടുക്കുന്ന പുട്ടിനകത്ത് പുഴുങ്ങിയ കോഴിമുട്ട ഒളിച്ചിരിക്കാൻ കാരണമെന്ത്?

ചരിത്രവിദ്യാർത്ഥികൾ സദയം ചിന്തിക്കുക. സമത്വസുന്ദരമായ ഏർപ്പാടിലൊക്കെ വിശ്വസിക്കുന്നവർക്കു മനോവേദനയുളവാക്കുന്ന സംഗതിയാണല്ലോ ഈ പിന്തിരിപ്പൻ ഏർപ്പാട്. എല്ലാവരും കടംപറ്റുന്നു. എന്നാൽ, എന്തുകൊണ്ട് എല്ലാവർക്കും കിട്ടുന്ന പുട്ടിനകത്തു പുഴുങ്ങിയ കോഴിമുട്ട ഒളിച്ചിരിക്കുന്നില്ല?

'ദുഷിച്ചുനാറിയ ഈ മൂരാച്ചിപ്പതിവിനെതിരായി നമ്മൾ ചിലതു ചെയ്യാൻ വിചാരിച്ചു' എന്നാണ് രാമൻനായർ പറയുന്നത്. പക്ഷേ, തോമ സമ്മതിച്ചില്ല. കാരണം, മറ്റെല്ലാവരെപ്പോലെ സൈനബയ്ക്ക് രാമൻനായരും തോമയും കാശു കുറെ കൊടുക്കാനുണ്ട്. ആ വാർത്ത ഈ മഹാപ്രപഞ്ചത്തിലുള്ളവരെല്ലാവരും സൗകര്യംപോലെ വായിച്ചറിയേണ്ടതിലേക്കായി വാതിൽപ്പലകയിൽ സൈനബതന്നെ രേഖപ്പെടുത്തിവച്ചിട്ടുണ്ട്- ചുണ്ണാമ്പുകൊണ്ടു പേരും കരികൊണ്ടു കാശും. നമ്മുടെ ഈ ചരിത്രം നടക്കുന്ന കാലത്തു താഴെപ്പറയുന്ന പ്രകാരമായിരുന്നു പറ്റുപടിക്കാരുടെ കണക്ക്:

| | |
|---|---|
| തൊരപ്പൻ | 0 ണ |
| ഡയ്വര് | 0 ണ |
| എട്ടുകാലി | 7 ണ |
| തോമ | 9 ണ |
| രാമന്നായര് | 14 ണ |
| മുത്തപ | 2 ണ |

ഈ കണക്കുകൾ സ്വയം സംസാരിക്കുന്നില്ലേ! എന്നാൽ, ഭയങ്കരമായ ഒരനീതിയെപ്പറ്റി ഇതു മിണ്ടുന്നേയില്ല. മണ്ടൻ മുത്തപ എന്ന ദാർശനികൻ ഒരു നല്ലപതണയെങ്കിലും

കൊടുക്കാൻ കാണം! എന്നിട്ടാണ നാണമോ, മാനമോ ഇല്ലാതെ ആ പെണ്ണ് എഴുതി വെച്ചിരിക്കുന്നത്! രാമൻനായർ സൈനബയെ മനസ്സുകൊണ്ട് 'പോടീ കഴുതേ' എന്നു വിളിച്ചുകൊണ്ടിറങ്ങിപ്പോയി.

'പുഴുങ്ങിയ കോഴിമുട്ട നശിക്കട്ടെ...! മൂരാച്ചികണക്കുകൾ എല്ലാംതന്നെ നശിക്കട്ടെ!' എന്നു മൂപ്പർ തന്നത്താൻ പറഞ്ഞുകൊണ്ടു നടന്നു. സ്ത്രീലോകത്തിന് കടപ്പെട്ടവനായി എങ്ങനെ ജീവിക്കും? ഈ ദുഷിച്ചുനാറിയ വ്യവസ്ഥിതി മാറ്റേണ്ടതെങ്ങനെ? ഈവിധം ചിന്തിച്ചുകൊണ്ടു നടക്കുമ്പോൾ രാമൻനായർക്ക് ചെറിയ ഒരു കൺട്രാക്ട് കിട്ടി. ഒരു തൊഴിലവസരം. സ്ഥലത്തു ചക്കര വ്യാപാരം. ഉണ്ടക്കണ്ണനന്ത്രു രാമൻനായരെ വിളിച്ചു രഹസ്യമായി വിക്കിവിക്കി പറഞ്ഞു:

'രരര രാമന്നായരേ'

'എന്താ വിക്കനിക്കാ?'

'അഅഅഞ്ചു ത്രുവാ!'

രഹസ്യം മറ്റൊന്നുമല്ല. ഉണ്ടക്കണ്ണനന്ത്രു സ്ഥലത്തെ പ്രധാന പിശുക്കനാണ്. വീട്ടുവേലക്കാരിക്ക് മാസത്തിൽ രണ്ടണ *—ശമ്പളം കൊടുക്കുന്ന മഹാനഷ്ടത്തെ പരിഹരിക്കാൻവേണ്ടി അവളെ അങ്ങ് നിക്കാഹ്കഴിച്ചു ഭാര്യയാക്കിക്കളഞ്ഞു! ഭാര്യയ്ക്കു ശമ്പളം കൊടുക്കണമെന്നില്ലല്ലോ! പിന്നെ മൂപ്പരുടെ ചക്കരവ്യാപാരത്തോടനുബന്ധിച്ചുതന്നെ ഉണ്ടക്കണ്ണനന്ത്രുവിനു കുറേശ്ശെ കൃഷിയുമുണ്ട്. കൃഷിനിലത്തു ചാണകവും ചാരവും മറ്റും ഇടുന്നതു വളരെ നല്ലതാണല്ലോ. സ്ഥലത്തെ വലിയ കൃഷിക്കാരിൽ ഒരാളായ കുന്നേത്താഴത്ത് കുട്ട്യാലി മുതലാളിയില്ലേ, മൂപ്പരുടെ വകയായി ചാണകവും ചാരവും നദിയുടെ വക്കത്ത് ഒരു മലപോലെ കൂട്ടിയിട്ടിട്ടുണ്ട്. നല്ല ഇരുട്ടാണല്ലോ. ഒരു മണിക്കൂർ ജോലിയെയുള്ളൂ.

'ഒരു മഞ്ചിച്ചാ-ച്ചാരം വേണം.'

തന്നെയുമല്ല,

'അഅഅഡ്വാണിസ്! എന്നു പറഞ്ഞുകൊണ്ടു രണ്ടു ത്രുപാ അഡ്വാൻസായിത്തന്നെ കൊടുക്കുകയും ചെയ്തു.

അതുമായി രാമൻനായർ ചെല്ലുമ്പോൾ തോമയും എട്ടുകാലി മമ്മൂഞ്ഞും, മണ്ടൻ മുത്തപയും കൂടി പാറുക്കുട്ടിക്കു ശർക്കരയുണ്ട കൊടുക്കുകയാണ്! ദേഷ്യം വരാതിരിക്കുമോ? രാമൻനായർക്കു ദേഷ്യം വന്നു. മൂപ്പർ ഗൗരവത്തിൽ വിളിച്ചു:

'അഡേ തോമാ, ഇവിടെ വാ!'

തോമ വല്ലവരുടെയും മൂട്ടതാങ്ങിമൂരാച്ചിയാണോ?

തോമ പറഞ്ഞു:

'തന്റെ അച്ചിയോടു പറയൂ!'

അച്ചിക്കു പറഞ്ഞാൽ നമുക്കാർക്കാണെങ്കിലും ദേഷ്യം വരും. അതു സംബന്ധമായി പിണങ്ങാത്ത പുരുഷനില്ല. രാമൻനായർക്കു കലശലായ ദേഷ്യം വന്നു. രാമൻനായർ പറഞ്ഞു:

'അച്ചിക്കു പറഞ്ഞാലുണ്ടല്ലോ, നിന്റെ മൂക്കുചെത്തി ഞാനുപ്പിലിട്ടുകളയും!'

തോമ ചോദിച്ചു:

'തന്റെ ഏതച്ചിക്കാണ ഞാമ്പറഞ്ഞത്?'

കാര്യം ശരിയലേ്ല? മരുന്നിന് ഒരച്ചിപോലുമില്ല. എന്നാലും... രാമൻനായർ പറഞ്ഞു:

'ഇക്കറി നിനക്കു മാപ്പുതന്നിരിക്കുന്നു. പോ.'

'എവിടെപ്പോകാനാ? തനിക്ക് എന്താ പിണഞ്ഞത്?'

'നീ അവളുമായി കുഴഞ്ഞാടുന്നതു കണ്ടപ്പ ഒരു ദേഷ്യമൊക്കെ അങ്ങുവന്നു...ദാ, മുപ്പതണ. നിന്റെ ഒമ്പത്, എന്റെ! പതിന്നാല്, എട്ടുകാലിയുടെ ഏഴ്, പോയി ആ ഒറ്റക്കണ്ണൻ വൺ ഐസ് മങ്കീട മകൾക്കു കൊടുത്തിട്ടു വാ. ജോലിയുണ്ട്!'

ഒരണയുടെ കാശു ധർമാവ് ഇനത്തിൽ മുത്തപയ്ക്കും കൊടുത്തു.

അന്ന് പാതിരാത്രിക്കുള്ള ശുഭമുഹൂർത്തം. നല്ല കുറ്റാക്കുറ്റിരുട്ട്. സ്ഥലവാസികളിൽ മിക്കവരും ഉറങ്ങി. ഉറങ്ങാത്തവർ കയറിയ ഒരു വഞ്ചി പുഴവക്കത്തു വന്നടുത്തു. അതിൽ രാമൻനായർ, തോമ, എട്ടുകാലി മമ്മൂഞ്ഞ്, മണ്ടൻ മുത്തപ എന്നീ മാന്യന്മാരുണ്ടായിരുന്നു. മണ്ടൻ മുത്തപയെയും എട്ടുകാലി മമ്മൂഞ്ഞിനെയും കൊണ്ടുവന്നത് രാമൻനായരുടെയും തോമയുടെയും മനോഗുണം കൊണ്ടാണ്. പേ്രാത്സാഹനം. അവശകലാകാരന്മാർ! വെള്ളപ്പൊക്കക്കാലം, നല്ല ഒഴുക്കുണ്ട്. മൂന്നു കുട്ട, ഒരു മൺവെട്ടി, മൂന്നു ചുമട്ടുകാർ. പക്ഷേ, ഇരുട്ടിനു നന്നെ കട്ടി. വഞ്ചി എവിടെ കെട്ടിയിടും? കുറ്റിയൊന്നും കണ്ടില്ല. എട്ടുകാലി മമ്മൂഞ്ഞ് വഞ്ചി ഒഴുകിപ്പോകാതെ പിടിച്ചുകൊണ്ടു നിന്നു. തോമ ഇരുട്ടത്ത് ഒരു കുറ്റി തപ്പുകയാണ്. സമയം എന്തിനു പാഴാക്കുന്നു? സമയമാകുന്നു ധനം! മൺവെട്ടിയുമെടുത്തു കുട്ടകളുമായി രാമൻനായരും മണ്ടൻ മുത്തപയും നടന്നു. പൊതുവായുള്ള ഇരുട്ടിനെക്കാൾ കറുത്തുകണ്ട ചാണകക്കുമ്പാരത്തിനടുത്തു കുട്ടവെച്ച് രാമൻനായർ മൺവെട്ടികൊണ്ട് ആഞ്ഞൊന്നു വെട്ടിയ ഓർമയേയുള്ളു. അപ്പോഴേക്കും ആകാശവും ഭൂമിയും നടുങ്ങത്തക്ക വിധത്തിൽ ആ ചാണകക്കുമ്പാരം ഒരാനയായി അമറാൻ തുടങ്ങി! പട്ടികളെല്ലാം സംഘടിതമായി കുരച്ചു! സ്ഥലവാസികൾ ഞെട്ടിയുണർന്നു. ഉഗ്രപിശാചായ ആനമറുതായുടെ ഘോരമായ നിലവിളിയാണെന്നുദ്ദേശിച്ച് ഉണർന്നവർ മൂടിപ്പുതച്ചു കണ്ണുമടച്ചു കിടപ്പായി! ഇതെല്ലാം കണ്ണു ചിമ്മുന്ന സമയംകൊണ്ടു സംഭവിച്ചതാണ്. ആനമറുതായുടെ അത്രതന്നെ ഉച്ചത്തിൽ നിലവിളിച്ചുകൊണ്ട് മണ്ടൻ മുത്തപ പുഴയിൽ എടുത്തുചാടി! അദ്ദേഹത്തെ പിന്നെ സ്ഥലവാസികൾ കാണുന്നതു രണ്ടു ദിവസം കഴിഞ്ഞാണ്. ഒഴുക്കിൽ ഒരു നാലഞ്ചുമൈൽ ദൂരെച്ചെന്നേ കരപറ്റാൻ കഴിഞ്ഞുള്ളു. കൃത്യം നടന്നിട്ട് ഒരു പത്തു മിനിട്ടായിക്കാണും. തോമ മൂങ്ങ മൂളുന്നതുപോലെ, 'എടോ...! എടോ!' എന്നു പതുക്കെ വിളിച്ചുകൊണ്ടു നടന്നപ്പോൾ ഒരു മരത്തിന്റെ. മുകളിൽനിന്ന് രാമൻനായർ പതുക്കെ വിളി കേട്ടു.

തോമ ചോദിച്ചു:

'താനവിടെ എന്നതാ ചെയ്യണത്?'

എന്തൊരു ചോദ്യമാണ്? ഒരാൾ ഭയന്നു വിറച്ചു വൃക്ഷത്തിൽക്കയറി രക്ഷപ്പെട്ടിരിക്കുന്നു. അപ്പോഴാണ് ഒരു ചോദ്യം! രാമൻ നായർ പറഞ്ഞു:

'പേടി തോന്നുന്നൊണ്ടേ വലിഞ്ഞുകയറിക്കോ! കുറേശ്ശെ മിശറുകടിയുണ്ട്! എന്നാലും

വാ!'

തോമ പറഞ്ഞു:

'ഞാൻ മഹാധീരനാ! താനിങ്ങ് ഒന്ന് ഇറങ്ങി വന്നേ!'

തോമ ധീരനാണെങ്കിൽ രാമൻനായരും ധീരനാണ്! മൂപ്പർ പതുക്കെ താഴെ ഇറങ്ങി വന്നിട്ടു ചോദിച്ചു:

'ആ നിലവിളിച്ചതെന്തായിരുന്നു തോമ?

തോമ പറഞ്ഞു:

'നമ്മുടെ പാറുക്കുട്ടി!'

ആർക്കാണെങ്കിലും ദേഷ്യം വരാതിരിക്കുമോ?

രാമൻനായർ പറഞ്ഞു:

'കഴ്വേർട മോളട ചങ്ക് ഞാൻ വെള്ളമാക്കും!'

തോമ പറഞ്ഞു:

'താനവളെ കുട്ടയിൽ വാരിക്കൊണ്ടുപോകാൻ തുടങ്ങിയാൽ അവൾ കരയാതിരിക്കുമോ? പാവം! അവൾ പേടിച്ചുപോയി. സാധനം കിടക്കുന്നത് കുറെക്കൂടെ അകലെയാ. മൺവെട്ടിയും കുട്ടകളും എവിടെ?'

'അവട അടുത്തെങ്ങാനും കാണും. മൂത്തപ എവിടെ?'

'അദ്ദേഹം പ്രാണരക്ഷാർത്ഥം പുഴയിൽ ചാടി നീന്തിപ്പോയി!'

'എട്ടുകാലിയോ? എന്നു ചോദിച്ചയുടനെ എട്ടുകാലി മമ്മൂഞ്ഞ് പറഞ്ഞു:

'സങ്കതി അറിഞ്ഞാ? അതു ഞമ്മടെ പാറുക്കുട്ടിയാർന്ന്! ഉമ്മിണി അങ്ങ് മാറി കൊച്ചുനീലാണ്ടനും നിപ്പൊണ്ട്. അവനൊന്നും മുണ്ടാഞ്ഞതു കണ്ടാ?'

തോമ പറഞ്ഞു:

'രാമൻനായരു ചെന്നു സാധനോക്കെ എടുത്തോണ്ടു വാ.'

'നീ ചെല്ല്.' രാമൻനായർ പറഞ്ഞു: ഞാനും അവളുമായി ഉള്ളുകൊണ്ടത്ര രസത്തിലല്ല!'

തോമ പതുക്കെ പാറുക്കുട്ടിയുടെ അടുത്തു ചെന്നു:

'പൊന്നേ പാറുക്കുട്ടീ! എടീ മനമേ, തങ്കപ്പുട്ടിലേ...ഇതു നിന്നെ വെട്ടി വാരിക്കൊണ്ടുപോകാൻ വന്ന രാമൻനായരല്ല. നിന്റെ പൊന്ന് ഇഷ്ടക്കാരൻ തോമ! എടീ കരളേ...ഞാനാ. മൺവെട്ടിയും മറ്റും ഇങ്ങെടുത്തോട്ടെടി... അനങ്ങലേ്ല!'

എന്നെല്ലാമുള്ള സാന്ത്വനവാക്കുകൾ തോമ പറഞ്ഞു തുടങ്ങിയപ്പോൾ രാമൻനായർ പറഞ്ഞു:

'നിന്റെ കീച്ചിക്കിന്നാരംപറച്ചില് നിർത്തീട്ടു വേഗം എടുത്തോണ്ടു വാ. ഒരു ശൃംഗാരം!'

തോമ പിന്നെ മിണ്ടിയില്ല. നടത്താൻ വന്ന തൊഴിൽപരമായ കാര്യം മുറപോലെ നടത്തി വഞ്ചിയും നിറച്ച് അവർ പോയി. രാത്രിതന്നെ ഉണ്ടക്കണ്ണനന്ത്രുവിനെ വിളിച്ചുണർത്തി സാധനം വഞ്ചിയോടെ ഏല്പിച്ചു മൂന്നു രൂപയും വാങ്ങി തിരിച്ചുപോരുമ്പോൾ

‘ആനവാരി’ എന്നാരോ പതുക്കെ പറയുന്നതു കേട്ടു. തോമയാണോ…? എട്ടുകാലി പറയുകയില്ല. ആരാണ്?

അശരീരി!

നിശ്ശബ്ദരായി അവർ പോയിക്കിടന്നുറങ്ങി.

എന്നാൽ,

‘ആനവാരി രാമൻനായർ എന്നെങ്ങാനും എന്നെ വിളിക്കുന്ന മൂരാച്ചിയുടെ മൂക്കു ചെത്തി ഞാനുപ്പിലിടും’ എന്ന് ആയിടെ എല്ലാവരെയും മൂപ്പർക്കു ഭീഷണിപ്പെടുത്തേണ്ടതായി വന്നുകൂടി. ആരാ വിളിക്കാൻ ധൈര്യപ്പെടുന്നത്…? മൂപ്പർ ചെവി വട്ടംപിടിച്ചു നടപ്പായി. ങ്ഹും! മൂപ്പർ കണ്ടു. സൈനബയുടെ വാതിൽപ്പലകയിൽ…

‘ആനവാരി രാമൻനായര്…6 ണ.’

ങ്ഹും! എന്താ ചെയ്യുക! സാമുദായികഘടന ഇത്രയ്ക്കു ദുഷിച്ചുപോയല്ലോ! ത്ലക്കാലം ആറണ കൈയിലില്ല. എന്തിന്, കാലം അധികമൊന്നും കഴിഞ്ഞില്ല. അപ്പോഴത്തേക്കും സ്ഥലവാസികളെല്ലാവരും, കൂട്ടത്തിൽ വിദേശസർക്കാരിന്റെ സ്ഥലത്തെ രണ്ടു പോലീസുമൂരാച്ചികളും ‘ആനവാരി രാമൻനായർ’ എന്നുതന്നെ വിളിക്കാൻ തുടങ്ങി. എന്തു ചെയ്യും? ഈ ദുഷിച്ചുനാറിയ സമുദായവ്യവസ്ഥിതിക്കെതിരായി—ങ്ഹും! ആനവാരി രാമൻനായർ ഈ വിനീതചരിത്രകാരനോടു പറയുകയാണ്:

‘ആനക്കള്ളൻ രാമൻനായർ എന്നെന്നെ വിളിക്കുന്നതാണ് എനിക്കിഷ്ടം.’

അതിനു ശരിയായ കാരണവുമുണ്ട്. പക്ഷേ, അങ്ങനെ ആരും അദ്ദേഹത്തെ വിളിക്കുന്നില്ല. മൂട്ടുതാങ്ങി മൂരാച്ചിസർക്കാരിന്റെ പോലീസുപുസ്തകങ്ങളിലും ജയിൽക്കിത്താബുകളിലും പതിഞ്ഞുപോയിരിക്കുന്നത് ‘ആനവാരി രാമൻനായർ’ എന്നുതന്നെയാണ്. ആ ബഹുമതിയാണു നല്ലത്. അൻപതു രൂപാ കൺട്രാക്റ്റിൽ ഒരാനയെ മോഷ്ടിക്കുവാനുള്ള തൊഴിലവസരം കിട്ടി. ധീരമായ ആ സംഭവത്തിനു മുമ്പ് തോമയ്ക്കു ‘പൊൻകുരിശ്’ എന്നുള്ള ബഹുമതി ലഭിക്കുന്നതുകൊണ്ട് തോമയുടെ ചരിത്രമാകുന്നു ഇനി ഈ വിനീതചരിത്രകാരൻ രേഖപ്പെടുത്താൻ പോകുന്നത്.

* സ്ഥലത്തെ ‘പ്രധാന ദിവ്യൻ’ എന്ന ചരിത്രം നോക്കുക.

* എട്ടുകാലി മമ്മൂഞ്ഞ് എന്ന ചരിത്രം നോക്കുക (ഒരു ഭഗവദ്ഗീതയും കുറെ മുലകളും.)

* ‘മുച്ചീട്ടുകളിക്കാരന്റെ മകൾ’ എന്ന ചരിത്രം നോക്കുക.

* രണ്ടണ = പന്ത്രണ്ടു പൈസ.

# മൂന്ന്

ഒരു ദിവസം തോമ പരമരഹസ്യമായി പറഞ്ഞു: 'അടേ ആനവാരി, ഒറ്റയ്ക്കൊറ്റയ്ക്ക് വല്യപള്ളി മൈതാനം!'

അങ്ങനെ ഒരു രാത്രി ഒറ്റയ്ക്കൊറ്റയ്ക്ക് എല്ലാവരും സ്ഥലംവിട്ടു. പലേ വഴിക്കുമായതുകൊണ്ടു രണ്ടുമണിക്കൂർ കഴിഞ്ഞപ്പോൾ ആനവാരി രാമൻ നായർ, തോമ, മണ്ടൻ മുത്തപ, ഒറ്റക്കണ്ണൻ പോക്കർ, എട്ടുകാലി മമ്മൂഞ്ഞ് എന്നീ പൗരന്മാർ സ്ഥലത്തു നിന്നു പതിനൊന്നു മൈൽ ദൂരെ ക്രിസ്ത്യാനികളുടെ വകയായുള്ള പുരാതനമായ വലിയപള്ളി മൈതാനത്ത് ഒത്തുചേർന്നു. അന്നവിടെ പെരുന്നാളാണ്. വലിയ ബഹളവും ആൾക്കൂട്ടവുമാണ്. കച്ചവടം, തൊട്ടിലാട്ടം, ഞാണിന്മേൽക്കളി, വെടിക്കെട്ട്, മതപ്രസംഗങ്ങൾ എന്നുവേണ്ട, നല്ല ഹരംതന്നെ. മുച്ചീട്ടുകളി, പിടിച്ചുപറി, മോഷണം, പോക്കറ്റടി എന്നീ കലാപ്രവർത്തനങ്ങൾക്ക് അവിടെ വലിയ സാദ്ധ്യതകളാണുള്ളത്.

ആ പള്ളിയിലന്ന് പ്രസിദ്ധമായ പൊൻകുരിശ് എഴുന്നള്ളിക്കും. തനി കട്ടിസ്വർണമാണത്. അത്തരം പൊൻകുരിശുകൾ ഭൂഗോളത്തിലുള്ള പ്രധാനപ്പെട്ട അനേകായിരം പള്ളികളിലുണ്ടെന്നാണു കേട്ടിട്ടുള്ളത്. സ്ഥലത്തിനടുത്തുള്ള വലിയ പള്ളിയിലെ പൊൻകുരിശ് സൂക്ഷിച്ചിരിക്കുന്നത് വലിയ ബന്തവസ്സിൽത്തന്നെ. പെട്ടിക്കകത്തു പെട്ടി. എല്ലാംകൂടി ഒരറയിൽ. അതിനടുത്തു വികാരി അച്ചന്റെ താമസവും.

പൊൻകുരിശ് അന്നെഴുന്നള്ളിച്ചു. കൺകുളിർക്കെ ഭക്തജനങ്ങൾ എല്ലാവരും കണ്ടു. പെരുന്നാൾ കഴിഞ്ഞു. എല്ലാവരും തിരികെ സ്ഥലത്തു വന്നുചേർന്നു. ഓർത്തുനോക്കിയപ്പോൾ വച്ചുപൂട്ടുകളും അറയും ബന്തവസ്സമെല്ലാം തോമ മറന്നു. വലിയ ഒരു പ്രശ്നം തോമയെ അലട്ടാൻ തുടങ്ങി. പൊൻകുരിശ്—മരക്കുരിശ്! തോമയ്ക്ക് ഊണില്ല. ഉറക്കമില്ല. ആകെക്കൂടി തോമ വലിയ ബേജാറായി.

തോമയ്ക്കെന്തു പറ്റി?

ആനവാരി ചോദിച്ചു. ഒറ്റക്കണ്ണൻ ചോദിച്ചു. മണ്ടൻ ചോദിച്ചു. എട്ടുകാലി ചോദിച്ചു. സ്ഥലവാസികളിൽ പലരും ചോദിച്ചു. സ്ഥലത്തെ രണ്ടു പോലീസുമൂരാച്ചികളും ചോദിച്ചു.

തോമ എല്ലാവരോടും പറഞ്ഞു:

'ഓ...ഒന്നുമില്ല.'

എന്നാൽ, ഏതാണ്ടില്ലേ? ഉണ്ട്. സത്യക്രിസ്ത്യാനികളേവരും ചോദിക്കേണ്ട അതിപ്രധാന കാര്യം: കർത്താവായ യേശുമിശിഹാതമ്പുരാനെ ക്രൂശിച്ചതു മരക്കുരിശിലോ, പൊൻകുരിശിലോ?

ആ്ലപം ഉഷാറായിത്തന്നെ ഗവേഷണം നടത്തേണ്ട ഒരു വലിയ പ്രശ്നംതന്നെയാണല്ലോ. സമയമെന്തിനു പാഴാക്കുന്നു? സന്തത സഹചാരികളോടു കമാന്നൊരക്ഷരംപോലും പറയാതെ തോമ ഇരുട്ടത്ത് അത്യാവശ്യമായി സ്ഥലംവിട്ടു!

ദിവസങ്ങൾ കഴിഞ്ഞുപോകുന്നു. ഒമ്പതു ദിവസത്തെ ഗവേഷണത്തിനുശേഷം തോമ ഒരു തീരുമാനത്തിലെല്ലാം എത്തിച്ചേരുന്നു. അന്നു കൃത്യം രണ്ടരമണിക്ക് തോമയെ ഒരു പോലീസുകാരൻ മൂരാച്ചി അറസ്റ്റ് ചെയ്തു ലോക്കപ്പിൽ അടയ്ക്കുന്നു. എന്താ കാരണം? സംശയകരമായ നിലയിൽ അതിർത്തിക്കു വെളിയിലുള്ള ഒരു കേഡിയെ കാണുന്നു! നമുക്കറിയാമല്ലോ, പോലീസുമൂരാച്ചികൾക്ക് ആരെക്കണ്ടാലും സംശയമാണ്! പഴയ പോലീസുകാർ വളരെ നല്ലവർ. അവർക്കു ചട്ടവട്ടങ്ങൾ എല്ലാം ശരിക്കറിയാം. തോമയെ അറസ്റ്റ് ചെയ്തത് ഒരു പുതിയ പോലീസുകാരനാണ്. പഴമക്കാരനായിരുന്നെങ്കിൽ ഇത്ര്യ്ക്കു നിസ്സാരകുറ്റത്തിന് തോമയെ അറസ്റ്റ് ചെയ്യുമോ?

പോകട്ടെ. തോമ മൂരാച്ചിസർക്കാരിന്റെ? പോലീസ് ലോക്കപ്പ് തുറുങ്കിലായിട്ടു പത്തൊമ്പതു ദിവസം കഴിഞ്ഞു. ഇരുപതാമത്തെ ദിവസം രാത്രി. നല്ല കാറ്റും മഴയും. വേണ്ടത്ര തണുപ്പുണ്ട്. നല്ലവണ്ണം ആഹാരം കഴിച്ചിട്ടുള്ളവർക്ക് പുതപ്പിനുള്ളിൽ സുഖമായി കിടന്നുറങ്ങാം. കുറേശ്ശെ ഇടികുടുക്കവും മിന്നലെറിച്ചിലുമുണ്ട്. മണി രണ്ടു കഴിഞ്ഞു. തോമ ഉറങ്ങിയിട്ടില്ല! അന്നത്തെ രാത്രി പ്പാറാവുകാരൻ 1627—ാം നമ്പർ, പഴമക്കാരൻ പളുങ്കൻ കൊച്ചുകുഞ്ഞ് ഒരു ബീഡി കത്തിച്ചു കമ്പിയഴികളുടെ ഇടയിലൂടെ തോമയ്ക്കു കൊടുത്തു. എന്നിട്ടു തന്റെ ജീവിതപരാജയത്തെപ്പറ്റി പളുങ്കൻ കൊച്ചുകുഞ്ഞ് മനോദുഃഖത്തോടെ സംസാരിക്കാൻ തുടങ്ങി.

'കർത്താവിന്റെ മനോഹിതം; പെൻഷനും പറ്റാറായി. ഇനി ഒന്നുരണ്ടു മാസം. കെട്ടിച്ചുകൊടുക്കാൻ പെമ്മക്കളേഴുപേരു പുരനിറഞ്ഞു നില്ക്കുന്നു! മൂത്തവൾക്ക് ഇരുപത്തേഴായി വയസ്സ്.'

തോമ ചോദിച്ചു:

'സമ്പാദ്യം—സ്വത്തൊന്നുമില്ലേ?'

'സൊത്ത്...തോമാ, താമസിക്കുന്ന സ്ഥലത്തിന് അഞ്ചര രൂപാ കൂലി കൊടുക്കണം. വളരെ പഴയ കൂലി. പെമ്പ്രന്നോത്തി തളര്വാതം പിടിച്ചു കെടപ്പാ. പറഞ്ഞില്ലേ, കർത്താവിന്റെ മനോഹിതം!'

തോമ ഒന്നും പറഞ്ഞില്ല. സമയം കുറെ കഴിഞ്ഞ് തോമ തിക്കും പൊക്കും നോക്കി രഹസ്യമായി പറഞ്ഞു:

'താൻ ഇച്ചിരി അട്ത്തിര്േന്നേ!'

പളുങ്കൻ കൊച്ചുകുഞ്ഞ് അടുത്തിരുന്നു.

തോമ പതുക്കെ പറഞ്ഞു:

'രണ്ടു മണിക്കുറു നേരത്തേക്കു തനിക്കെന്നെ ഒന്നു തുറന്നു വിടാവോ? ഒരു വഴിവെച്ചുതരാം!'

പളുങ്കൻ കൊച്ചുകുഞ്ഞു വിറച്ചുപോയി. സംഗതി ഭയങ്കരമല്ലേ? പക്ഷേ, പറഞ്ഞത് തോമയാണ്. പളുങ്കൻ ചോദിച്ചു:

‘തോമാ, നീ എന്നെ ചതിക്കുവോ? പെൻഷൻ പോകും! പെമ്പ്രന്നോത്തിം കുഞ്ഞുങ്ങളും...തോമാ, നീ എന്നെ ജയിലിക്കേറ്റുവോ?

‘ഇല്ലെടോ...വല്ല പുത്തൻ പോലീസുമൂരാച്ചിയുമായിരുന്നു എങ്കിൽ ഇത്രയ്ക്കു പേടിക്കുവോ?

അത്രയ്ക്കൊന്നും പറയേണ്ട! പുത്തൻ പോലീസുകാരേക്കാൾ പഴമക്കാരാണു മിടുക്കന്മാരും ധീരന്മാരും! പളുങ്കൻ കൊച്ചുകുഞ്ഞ് മറ്റു ലോക്കപ്പുമുറികളിൽ ചെന്നു നോക്കി. പുള്ളികളെല്ലാവരും ഉറക്കം. വെളിയിലും ചെന്നു നോക്കി.

അവിടെ വരാന്തയിൽ രണ്ടു പുതിയ പോലീസ് പിള്ളേർ കൂർക്കംവലിച്ചു കിടന്നുറങ്ങുന്നുണ്ട്. എല്ലാം ശാന്തം. എന്നാലും പളുങ്കനു മനസ്സുറയ്ക്കുന്നില്ല!

‘തോമാ, കടുവാമാത്തനാ ഇൻസ്...’

പോലീസ് ഇൻസ്പെക്ടർ കടുവാമാത്തൻ ഭയങ്കരനാണ്. ഒരു ദയാദാക്ഷിണ്യമുള്ള ആളല്ല. പുള്ളികളായാലും പോലീസുകാരായാലും കടുവാമാത്തനെന്നു കേട്ടാൽ വിറയ്ക്കും!

തോമ പറഞ്ഞു:

‘താൻ ചുമ്മാ പേടിക്കാതിരിയെടോ!’

‘കർത്താവേ! –തോമയ്ക്കു നല്ല ബുദ്ധി തോന്നണേ!’

എന്നുള്ള പ്രാർത്ഥനയോടെ പളുങ്കൻ കൊച്ചുകുഞ്ഞ് ഒച്ചയുണ്ടാക്കാതെ ലോക്കപ്പിന്റെ പൂട്ടു തുറന്നു. വാതിലും പതുക്കെത്തന്നെ തുറന്നു. ഞൊടിയിടകൊണ്ട് തോമാ വെളിയിലിറങ്ങി കോരിച്ചൊരിയുന്ന മഴയത്ത് ഇരുളിൽ മറഞ്ഞു.

സമയം കുറെ കഴിഞ്ഞപ്പോൾ പളുങ്കൻ കൊച്ചുകുഞ്ഞിനു സംഭ്രമമായി. എന്താണു ചെയ്തുവച്ചിരിക്കുന്നത്? അനേക വർഷത്തെ പോലീസ് സേവനം. അതിനു സർക്കാർ കൊടുക്കാൻ പോകുന്ന പെൻഷൻ എല്ലാം കളഞ്ഞുകുളിച്ചു! തോമ ചതിക്കും! ഭാര്യയും കുഞ്ഞുങ്ങളും... ജയിൽ! പളുങ്കന് ഇരിക്കപ്പൊറുതിയില്ലാതായി. അയാൾ എണീറ്റു. ഇടികുടുക്കം. മിന്നലെറിച്ചിൽ. ശറാപിറ മഴ, വേറൊന്നുമില്ല. പളുങ്കൻ അങ്ങോട്ടുമിങ്ങോട്ടും നടന്നു. ബോധക്കേടു വരാൻപോകയാണോ? ആ പുതിയ പോലീസുപിള്ളേർ ഉറക്കപ്പിച്ചു പറയുന്നു. അയാൾ ഇരുന്നു. ഉടുപ്പഴിച്ചുവെച്ച് ഇറങ്ങിപ്പൊയ്ക്കളഞ്ഞാലോ? എവിടെപ്പോകും? വയസ്സു കുറെ അധികമായി! ഒന്നിനും ശേഷിയുള്ള കാലമല്ലല്ലോ!

‘കർത്താവേ, ചതിക്കല്ലേ!’

എന്നു പ്രാർത്ഥിക്കുകയല്ലാതെ എന്തു ഗതി? നേരം വെളുക്കാറായി എന്ന് പളുങ്കനു തോന്നി. എല്ലാം കുഴപ്പത്തിലായി. പക്ഷേ, ഒന്നും കുഴപ്പത്തിലായിട്ടുണ്ടായിരുന്നില്ല. ഒന്നര മണിക്കൂർ കഴിഞ്ഞപ്പോൾ നനഞ്ഞൊലിച്ച് തോമാ കയറിച്ചെന്നു! ചെന്നപാടേ ലോക്കപ്പിനുള്ളിൽ കയറി.

‘പളുങ്കോ...പൂട്ടിക്കോ!’

എന്നു പറഞ്ഞിട്ട് മൂപ്പർ മുണ്ടഴിച്ചു പിഴിഞ്ഞു തലയും മറ്റും തുവർത്താൻ തുടങ്ങി.

പളുങ്കൻ കൊച്ചുകുഞ്ഞു ലോക്കപ്പു പൂട്ടി. തലയ്ക്കു കൈ കൊടുത്തു താഴെ ഇരിപ്പായി.

‘കൊണ്ടുപോയി വിറ്റു മക്കളേല്ലാം കെട്ടിക്ക്! പെമ്പിറന്നോത്തിക്ക് മരുന്നും വാങ്ങിച്ചുകൊട്!’

തോമ ഇരുമ്പഴിക്കിടയിലൂടെ ഒരു പൊതി വെച്ചു നീട്ടി. പളുങ്കൻ അതു വാങ്ങി. നല്ല കനം! പളുങ്കൻ തുറന്നു നോക്കിയപ്പോൾ ഒരാറിഞ്ചു നീളവും മുക്കാലിഞ്ചു കനവും ഒന്നരയിഞ്ചു വീതിയുമുള്ള ഒരു സ്വർണക്കട്ടിയാണ്. എവിടന്നോ ഒടിച്ചെടുത്തമാതിരി.

'ഞാനുറങ്ങട്ടെ!'

തോമ കിടന്നു.

രണ്ടു ദിവസം കഴിഞ്ഞില്ല. നാടൊട്ടുക്കു സംഭ്രമകരമായ ഒരു വാർത്ത പരന്നു; വലിയ പള്ളിയിലെ പൊൻകുരിശു കളവുപോയി!

ബിഷപ്പു വന്നു. അച്ചൻ വന്നു. കപ്യാരു വന്നു. കൈക്കാരന്മാർ വന്നു. നാട്ടുകാർ വന്നു. ഇൻസ്പെക്ടർ കടുവാമാത്തന്റെ മുമ്പാകെ എല്ലാവരും വന്നു. കടുവാമാത്തന്റെ. മഞ്ഞനിറം കലർന്ന കണ്ണുകൾ തിളങ്ങി.

കടുവായെപ്പോലെ മൂപ്പർ മുരങ്ങി:

'ഉം! തുമ്പുണ്ടാക്കാം!'

പണ്ടു കട്ടവരും ഒരിക്കലും കക്കാത്തവരും കട്ടേക്കാവുന്നവരും—അങ്ങനെ ബാച്ചുബാച്ചായി പുള്ളികൾ സ്റ്റേഷനിൽ നിറഞ്ഞു. അടി. ഇടി, കാൽവെള്ള ചുടൽ, ചവിട്ട്, തൊഴി, നഖത്തിനിടയിൽ സൂചികയറ്റൽ, ലിംഗത്തിൽ പഴന്തുണി ചുറ്റി എണ്ണയൊഴിച്ചു കത്തിക്കൽ...നല്ല ഹരം! തോമാ എല്ലാം കാണുകയാണ്. കരച്ചിൽ, പിച്ചും പേയും പറച്ചിൽ...തോമ എല്ലാം കേൾക്കുകയാണ്. ആരും കുറ്റം ഏല്ക്കുന്നില്ല! ദിവസങ്ങൾ അങ്ങനെ നീങ്ങി. പുതിയ പുള്ളികളെ കൊണ്ടുവന്നു. ഹേമദണ്ഡങ്ങൾ മുറപോലെ നടന്നു. ചാകാറായിട്ടും ആരും കുറ്റം ഏല്ക്കുന്നില്ല!

ഇങ്ങനെയിരിക്കുമ്പോൾ ഒരു പുതിയ ബാച്ചു പുള്ളികളെ സ്റ്റേഷനിൽ കൊണ്ടുവന്നു. ഒറ്റക്കണ്ണൻ പോക്കർ, മണ്ടൻ മുത്തപ, ആനവാരി രാമൻനായർ, എട്ടുകാലി മമ്മൂഞ്ഞ് എന്നിവരെ തോമ കണ്ടു. തോമ അനങ്ങിയില്ല. ഒരു ബഞ്ചിന്റെ മുമ്പിൽ അവരെ ഇരുത്തി. എല്ലാവരോടും നാക്കു നീട്ടി ബഞ്ചിന്റെ പുറത്തുവയ്ക്കാൻ പറഞ്ഞു. അവർ അപ്രകാരം ചെയ്തു. ഇൻസ്പെക്ടർ കടുവാമാത്തൻ ഒരു ചുറ്റികയും നാലു വലിയ ആണിയും കൈയിലെടുത്തിട്ടു പറഞ്ഞു:

'ഞാൻ നിങ്ങളുടെ നാലുപേരുടെയും നാക്കു വലിച്ചു നീട്ടി ബഞ്ചിൽവെച്ച് ആണിയടിക്കാൻ പോകുകയാണ്! അതിനുമുമ്പേ പറഞ്ഞേക്കു. പൊൻകുരിശ് എവിടെ?

ആരും ഒന്നും മിണ്ടിയില്ല. അവർക്കാർക്കും അറിഞ്ഞുകൂടല്ലോ!

ഇൻസ്പെക്ടർ കടുവാമാത്തൻ ആനവാരി രാമൻനായരുടെ നാക്കിൽ ആണി കൊള്ളിച്ചു ചുറ്റികവെച്ചടിക്കാൻ ഭാവിച്ചില്ല. അതിനു മുമ്പ് തോമ ചാടിയെണീറ്റു ലോക്കപ്പിന്റെ കമ്പിയഴികളിൽ പിടിച്ചു കുലുക്കിക്കൊണ്ട് ഉച്ചത്തിൽ പറഞ്ഞു:

'പൊൻകുരിശ് എവിടെയെന്ന് യേമാന്നേ അവർക്കറിഞ്ഞുകൂടാ!'

ഇൻസ്പെക്ടർ കടുവാമാത്തൻ ചുറ്റികയുമായി തോമയുടെ അടുത്തു ചെന്നു. ആ കടുവാനോട്ടം ഒന്നു നോക്കി. ആ കടുവാ സ്വരത്തിൽ ചോദിച്ചു:

'നിനക്കറിയാമോ?'

തോമ പറഞ്ഞു:

‘അറിയാം! യജമാനനോട് എനിക്കൊരു രഹസ്യം പറയാനുണ്ട്!’

ലോക്കപ്പു തുറന്നു. തോമയെ ഇൻസ്പെക്ടരുടെ മുറിയിൽ കൊണ്ടുപോയി.

‘ഊം?’

തോമ പറഞ്ഞു:

‘ഞാനാ പൊൻകുരിശു കട്ടത്!’

‘നീയോ? കളവു നടക്കുമ്പോൾ നീ ഇവിടെ ലോക്കപ്പിലായിരുന്നല്ലോ!’

തോമ പറഞ്ഞു:

‘യജമാന്റെ: ഇഷ്ടംപോലെ എന്നെ തല്ലുകേ, കൊല്ലുകേ ചെയ്യ്. അതിയാനു വയസ്സായി. കരുണകാണിക്കണം. പെമ്പ്രന്നോത്തിക്കു തളർവാതമാ. ഏഴു പെൺമക്കളൊണ്ടു കെട്ടിച്ചുകൊടുക്കാൻ!’

ഇൻസ്പെക്ടർ പറഞ്ഞു:

‘നീ പറയുന്നത് എനിക്കു മനസ്സിലാകുന്നില്ല!’

തോമ മനസ്സിലാക്കി; എല്ലാം മനസ്സിലാക്കി. പോലീസ് സ്റ്റേഷന്റെ കിഴക്കുവശത്തുള്ള ആലിൻചുവട്ടിൽ കുഴിച്ചിട്ടിരിക്കുന്ന ബാക്കി കുരിശെടുത്തുകൊടുത്തു. പളുങ്കൻ കൊച്ചുകുഞ്ഞു ബാക്കിഭാഗവും കൊടുത്തു.

തോമയോട് ഇൻസ്പെക്ടർ കടുവാമാത്തൻ ചോദിച്ചു:

‘ഒരു സത്യക്രിസ്ത്യാനിയായിട്ട് തോമാ, നീ എന്താ ഇങ്ങനെ ഈ ഭയങ്കര പാപം ചെയ്തത്? പൊൻകുരിശ് നീ എന്തിനു കട്ടു?’

തോമ പറഞ്ഞു:

‘യജമാനൻ വേണമെങ്കിൽ എന്റെ നാക്കിൽ ആണി അടിച്ചോ! കർത്താവായ യേശുമിശിഹാതമ്പുരാനെ ക്രൂശിച്ചതു മരക്കുരിശിലല്ലേ? പള്ളിക്കെന്തിനാ പൊൻകുരിശ്.’

ആ ചോദ്യം കേട്ടു പോലീസ് ഇൻസ്പെക്ടർ കടുവാമാത്തൻ ആകെ തരിച്ചിരുന്നുപോയി. ഭൂമിയിലുള്ള ഒരുപാടു കോടി സത്യക്രിസ്ത്യാനികളിൽ ഓരോരുത്തരും ചെറുപ്പംമുതൽക്കേ കേട്ടു മനസ്സിലാക്കീട്ടുള്ള വിശ്വാസപ്രമാണമാണല്ലോ. മറ്റു വിശ്വാസക്കാരും ഇതു കേട്ടു മനസ്സിലാക്കീട്ടുമുണ്ട്. ഏതാണ്ട് എല്ലാവർക്കും അറിവുള്ള കാര്യം: ക്രൂശിച്ചതു മരക്കുരിശിലാണ്. തോമാ കള്ളനാണെങ്കിലും അവനിതു ശരിക്കറിയാം. അവൻ ചെയ്തതു തെറ്റോ, ശരിയോ? പെൻഷൻ പറ്റാറായ നിർദ്ധനവൃദ്ധനാണ് പോലീസുകാരനായ പളുങ്കൻകൊച്ചുകുഞ്ഞ്. വിഷമത്തിലാണ്. കെട്ടിച്ചു കൊടുക്കാൻ പെൺമക്കൾ ഏഴുപേര് പുര നിറഞ്ഞുനില്ക്കുന്നു. തള്ള തളർവാതം പിടിപെട്ടു കിടപ്പിലുമാണ്. പാവപ്പെട്ട സത്യക്രിസ്ത്യാനികൾ! സഹായിക്കാൻ ആരുമില്ല. തോമായുടെ വാക്കുകൾ ഓർത്തു: പള്ളിക്കെന്തിനാ പൊൻകുരിശ്?

കാര്യം ശരി.

ഇൻസ്പെക്ടർ കടുവാമാത്തൻ ബിഷപ്പിനെ വരുത്തി. വികാരിയച്ചനെ വരുത്തി. പ്രമാണിമാരെ വരുത്തി. കൈക്കാരന്മാരെ വരുത്തി. പൊൻകുരിശു തിരികെ കൊടുത്തു.

സംഗതികളെല്ലാം പറഞ്ഞു. ഡിസ്മിസ് ചെയ്തിരിക്കുന്ന പളുങ്കൻ കൊച്ചുകുഞ്ഞിന് എന്തെങ്കിലും സഹായം ചെയ്യണം. പെൺമക്കളെ കെട്ടിച്ചുകൊടുക്കണം. പൊൻകുരിശുകാരണം ഹേമദണ്ഡം അനുഭവിച്ച പുള്ളികൾക്ക് അയ്യഞ്ചു രൂപയും മുണ്ടും തോർത്തും കൊടുക്കണം.

പറഞ്ഞതുപോലെ ഒക്കെ അവർ ചെയ്തു. പളുങ്കന്റെ. അഞ്ചു മക്കളെ കല്യാണംചെയ്തു കൊടുപ്പിച്ചു. പളുങ്കന് കപ്യാരുജോലിയും കൊടുത്തു. ഹേമദണ്ഡം അനുഭവിച്ച പുള്ളികൾക്ക് അയ്യഞ്ചു രൂപായും ഓരോ മുണ്ടും ഓരോ തോർത്തുംവീതം കൊടുത്തു. അങ്ങനെ എല്ലാം സന്തോഷമായി, സമാധാനമായി കലാശിച്ചു. തോമയ്ക്കു ഒന്നര മാസത്തെ വെറും തടവുശിക്ഷയും ലഭിച്ചു.

ജയിൽവിമുക്തനായി സ്ഥലത്തു വന്ന തോമായ്ക്കു, വിവരങ്ങളെല്ലാം ശരിക്കറിഞ്ഞ നാട്ടുകാർ വലിയ സ്വീകരണമാണു കൊടുത്തത്. തന്നെയുമല്ല, ഒരു പണക്കിഴിയും കൊടുത്തു! നോട്ടുമാലയും. ആയതിലേക്ക് സ്ഥലത്തെ പ്രധാന പ്രമാണികളായ ചാത്തങ്കേരി മനയ്ക്കൽ കൊച്ചുനാരായണൻ നമ്പൂതിരിപ്പാട്, അദ്ദേഹത്തിന്റെ അനുജൻ ശങ്കരൻ നമ്പൂതിരിപ്പാട്, ചന്ദനത്തറയിൽ വാസുക്കൈമൾ, കരിയിൽ പത്രോസ് മാപ്പിള, ഉണ്ടക്കണ്ണൻ അന്ത്രു, കുന്നേത്താഴത്ത് കുട്ട്യാലിമുതലാളി എന്നിവർ ഉദാരമായ സംഭാവനകൾ നല്കി എന്നു രേഖപ്പെടുത്താൻ വിനീതനായ ഈ ചരിത്രകാരനു വളരെ സന്തോഷമുണ്ട്. തോമ അന്ന് ഒരു കുല പഴവും രണ്ടു റാത്തൽ ശർക്കരയും വാങ്ങി പാറുക്കുട്ടിക്കും കൊച്ചുനീലാണ്ടനും കൊടുത്തു. തോമ അങ്ങനെ പ്രമാണിയായി, വീര നേതാവായി ജീവിച്ചുവരുമ്പോൾ ആനവാരി രാമൻനായർ തോമയെപ്പറ്റി ഒരപഖ്യാതി കേട്ടു. തോമയെ ഒരു പെണ്ണു സ്നേഹിക്കുന്നു! കൊച്ചുത്രേസ്യ എന്നാണവളുടെ പേര്. പതിനെട്ടു വയസ്സ്. സുന്ദരി. പളുങ്കൻ കൊച്ചുകുഞ്ഞിന്റെ എല്ലാറ്റിലും ഇളയ മകൾ!

ആ ക്ഷോഭകരമായ സംഗതി ആനവാരി അറിയുന്നത് എങ്ങനെയാണെന്നോ? ഒരു ദിവസം സൈനബയുടെ വാതിൽപ്പലകയിൽ.

'പൊൻകുരിശു തോമ— 3 രൂ. 6 ണ'
എന്ന് ആനവാരി കണ്ടു. അതിന്റെ. അർത്ഥം മൂപ്പർക്കു മനസ്സിലായില്ല. തോമയുടെ കൈയിൽ കാശുണ്ട്. പിന്നെ എന്തിനു കടംപറ്റി? തോമയെക്കണ്ടു ചോദിക്കാൻ യാതൊരു വഴിയുമില്ല. നേരേചൊവ്വേ കണ്ടിട്ടു കുറെ ദിവസമായി, ആനവാരി ചോദിച്ചു:

'തോമ കാശൊന്നും തരാനില്ലലേ്ലാ?'

സൈനബ പറഞ്ഞു:

'നാലഞ്ചു ദിവസമായി പൊൻകുരിശിനെ കാണാൻ കൊച്ചുത്രേസ്യ...!'

'കൊച്ചുത്രേസ്യ?'

ഒറ്റക്കണ്ണൻ പോക്കരു പറഞ്ഞു: 'അത് ഞമ്മടെ പളുങ്കിന്റെ എളേ മോളാ. ഇത്രേം വഴിയൊക്കെ നടന്നു ചീണിച്ചാ വന്നത്. അപ്പ അതിനു പൊൻകുരിശു തോമാട കണക്കി പൂട്ടും പഴോം കരുപ്പട്ടിക്കാപ്പീം കൊടുത്തതാ.'

ങ്ഹും! അക്രമം! അക്രമം! നേരിൽ ആനവാരി കണ്ടു. കൊച്ചുത്രേസ്യയും പൊൻകുരിശു തോമയുമായി പുഴവക്കത്തിരുന്നു ശൃംഗരിക്കുന്നു! ഈ അനീതിക്കെതിരായി എന്താണു ചെയ്ക!

ആനവാരി ചെന്നു ഗൗരവത്തോടെ വിളിച്ചു:

'അഡേ പൊൻകുരിശേ!'

'ങ്ഹും?'

'ഒരു രണ്ടു രൂപ ഇങ്ങെടുക്ക്!'

പൊൻകുരിശു തോമ കമാന്നൊരക്ഷരം ചോദിക്കാതെ പണം കൊടുത്തു. ആനവാരി കൊച്ചുത്രേസ്യയെ അവജ്ഞയോടെ ഒന്നു നോക്കിയിട്ടു പോയി പഴവും ശർക്കരയും വാങ്ങിച്ചുകൊണ്ടുചെന്ന് പാറുക്കുട്ടിയുടെ കൺമുന്നിൽവച്ച് കൊച്ചുനീലാണ്ടനു കൊടുത്തു. പെണ്ണുങ്ങളുടെ പ്രതിനിധിയാണല്ലോ പാറുക്കുട്ടി! പാറുക്കുട്ടി കൊതിയോടെ തുമ്പിക്കൈ നീട്ടിയപ്പോൾ,

'പോടി കഴ്തേ!'

എന്നു മൂപ്പർ വിളിക്കുകയും ചെയ്തു. ഏതാണ്ട് പാറുക്കുട്ടിയുടെ പിരാക്കുപറ്റിയ മാതിരിയാണ് ആനവാരിക്ക് ആനയെ കക്കാനുള്ള തൊഴിൽ അവസരം കിട്ടിയത്. പാറുക്കുട്ടിയോടു ചെയ്ത സർവ ദ്രോഹത്തിനും ഒരു പകരം വീട്ടൽ!

സ്ഥലത്തെ പ്രധാന 'എതിര'നാണല്ലോ ചാത്തങ്കേരി മനയ്ക്കൽ ശങ്കരൻനമ്പൂതിരിപ്പാട്. അദ്ദേഹത്തിനെതിരില്ലാത്ത സംഗതികൾ ലോകത്തിൽ വളരെ ചുരുക്കമാണ്. അദ്ദേഹം പറയുന്നത്:

'ആനവാരി ആനയെ കട്ടിട്ടേയില്ല. ശുദ്ധപൊളി!'

ആനവാരി പറയുന്നത്:

'തിരുമേനി പറഞ്ഞിട്ടല്ലേ ഞങ്ങൾ ആനയെ കട്ടത്? അല്ലെങ്കിൽ പൊൻകുരിശിനോടു ചോദിക്ക്. ആ വകയിൽ തിരുമേനി 40 രൂപ ഞങ്ങൾക്കു തരാനുണ്ട്.'

ആ വഴക്ക് ഇങ്ങനെ പോകുകയേയുള്ളു. വിനീതനായ ഈ ചരിത്രകാരനു കിട്ടിയിട്ടുള്ള അറിവിതാണ്. അതു പറയുന്നതിനു മുമ്പു വേറൊരു സംഗതി. പോലീസുകാരനായിരുന്ന പളുങ്കൻ കൊച്ചുകുഞ്ഞ് എന്ന കപ്യാരുടെ മണിയടി. പള്ളിയിലെ മണിയടി കേൾക്കുമ്പോൾ ആളുകൾ ഓർക്കും: പൊൻകുരിശ്... പൊൻകുരിശുതോമ... പള്ളിക്കെന്തിനാ പൊൻകുരിശ്?

ആനവാരി രാമൻനായർക്കും പൊൻകുരിശു തോമായ്ക്കും കിട്ടിയതു വളരെ അപൂർവമായ ഒരു തൊഴിലവസരമാണ്:

ആനയെ കക്കുക!

അതെങ്ങനെ നിർവഹിച്ചു? ആ ചരിത്രമാകുന്നു ഇനി പതുക്കെ പറയാൻ പോകുന്നത്. ശ്രദ്ധിക്കാൻ അപേക്ഷ.

# നാല്

ആനമോഷണം മഹത്തായ ഒരു കലയാകുന്നു! ഈ വിശ്വാസം വച്ചുപുലർത്തുന്നവരാണ് സ്ഥലത്തെ പ്രധാന ബുദ്ധിജീവികൾ. എങ്ങനെയാണ് ആനയെ മോഷ്ടിക്കേണ്ടത്? സ്വർണം, പണം, പെണ്ണ് എന്നിത്യാദികളെ മോഷ്ടിക്കുന്നതുപോലെയല്ല. ചരിത്രവിദ്യാർത്ഥികളുടെ അറിവിലേക്കായി ആനമോഷണം എന്ന കലാപ്രവർത്തനരീതി ഇവിടെ പതുക്കെ വിവരിക്കാം.

ആനവാരി രാമൻനായർ, പൊൻകുരിശു തോമ മുതലായ ദാർശനികർ പറഞ്ഞുവച്ചിട്ടുള്ളത്— ആന മോഷണം വലിയ ബുദ്ധിമുട്ടൊന്നുമുള്ള കലാപരിപാടി അല്ലേയല്ല. ചങ്കൂറ്റം! അതു സുലഭമായിത്തന്നെ ഉണ്ടായിരിക്കണം. ഡയലോഗ്. തീരെ കുറഞ്ഞതു മൂന്നെണ്ണമെങ്കിലും കൈയിൽ കരുതുന്നതു നന്ന്. സംഭവം മൂക്കിൽക്കൂടി മുഴക്കത്തോടെ: നടയാനെ...! സെറ്റിയാനെ...! ടത്തിയാനെ!

ഇത് ചരിത്രവിദ്യാർത്ഥികൾക്കു രണ്ടു മൂന്നു ദിവസത്തെ റിഹേഴ്സൽകൊണ്ടു ശരിപ്പെടുത്താൻ ഒക്കും.

ആനമോഷണം എന്ന കലാപരിപാടിക്കു പറ്റിയ സമയം രാത്രിയാണെന്നുള്ളതു മറക്കരുത്. നട്ടുച്ചർ പാതിരായാണു ശുഭമുഹൂർത്തം. നിലാവു വേണമെന്നൊന്നുമില്ല. ശുദ്ധമായ നാട്ടുവെളിച്ചം മതി. ആനയുടെ കാല് ഒരെണ്ണം വൃക്ഷത്തിൽ ചേർത്താണല്ലോ ചങ്ങല ചുറ്റി തളച്ചിരിക്കുന്നത്. ഒരു ചെറുകുളത്ത്. അതിലാണല്ലോ ചോരക്കണ്ണൻ, ഉണ്ടക്കറുമ്പൻ, ളുശിക്കൊമ്പൻ തടിമാടനെ ബന്ധിച്ചിരിക്കുന്നത്. കൊളുത്ത് ഊരുക! കശ്മലൻ ഫ്രീ! അത്രേയുള്ളു. ഒച്ച കേൾപ്പിക്കാതെ ചുറ്റിയ ചങ്ങല അഴിക്കുക.

'നടയാനെ...! സെറ്റിയാനെ...! ടത്തിയാനെ!'

പക്ഷേ, കലാകാരന്റെ മണം! പുതുമണക്കാരനെ ക്ഷുഭിതൻ സഖാവ് ആന തുമ്പിക്കൈകൊണ്ടു ചുറ്റി എടുത്തു നിലത്തു കിടത്തി ആഞ്ഞ്, ആഞ്ഞു ചവിട്ടും! വയറ്റിലുള്ള സർവ സീക്രട്ട്സും പിളുക്കോന്നു പുറത്തുവരും! കലാകാരൻ വീരസ്വർഗം പ്രാപിക്കുകയും ചെയ്യും. അങ്ങനെ വരുമ്പോൾ വീരസ്വർഗം പ്രാപിക്കൽ യജ്ഞത്തിന് കലാകാരന്മാരുടെ ഒരു ചാവേർപ്പടതന്നെ വേണ്ടിവരും. അതിനെക്കാൾ ഒക്കെ നല്ലത് ഒരു വാഴക്കുലയാണ്. നേന്ത്രക്കുലതന്നെ ആയിക്കോട്ടെ. നല്ലവണ്ണം പഴുത്തത്. പിന്നെ മണം. അതു പഴതാക്കുകയും വേണം. ഇതൊക്കെ ചരിത്രവിദ്യാർത്ഥികൾ ഓർക്കുന്നതു നന്ന്. പഴമക്കാരെ മറക്കുകയും അരുത്. ആനവാരി രാമൻനായരും പൊൻകുരിശു തോമയും ആനമോഷണം എന്ന കലാപരിപാടി സംഘടിപ്പിച്ച് വിജയശ്രീലാളിതരായതെങ്ങനെ?

ചാത്തങ്കേരി മനയ്ക്കലെ രണ്ടു തിരുമേനിമാരും തമ്മിൽ അല്പം സുഖമില്ലാതിരിക്കുന്ന കാലം. അങ്ങനെയുള്ള കാലംതന്നെയാണ് എക്കാലവും. ഏട്ടൻതിരുമേനിയെ നല്ല പാഠം പഠിപ്പിക്കാനായി അനുജൻ തിരുമേനി പലേ ഏടാകൂടങ്ങളും പ്രവർത്തിച്ചുവരുന്നു. നെല്ലു കൊയ്യിപ്പിച്ചു വില്ക്കുക. തടി വെട്ടിച്ചു വില്ക്കുക—ഇതിന്റെകൂടെ ഒരാനയെയും വിറ്റുകളയാമെന്ന് അനുജൻ തിരുമേനി തീരുമാനിക്കുന്നു. ഒരാനയെ കട്ടു നദിയുടെ മറുകരെയുള്ള കാട്ടിൽ കൊണ്ടുചെന്നു തളയ്ക്കണം!

ആനവാരി രാമൻനായർ ആ തൊഴിലവസരം അമ്പതു രൂപ കൺട്രാക്റ്റിൽ ഉപയോഗപ്പെടുത്താനുറയ്ക്കുകയും പത്തു രൂപ അഡ്വാൻസായി വാങ്ങുകയും ചെയ്യുന്നു. അങ്ങനെ മൂപ്പർ നാലഞ്ചു ദിവസം രാത്രിയിൽ പഴവും ശർക്കരയും വാങ്ങി പാറുക്കുട്ടിക്കു കൊടുക്കുന്നു. മണവും മനസ്സും ശരിപ്പെടുത്തുകയാണ്. ഇടയ്ക്കിടയ്ക്ക് കൊച്ചുനീലാണ്ടനും കൊടുക്കും. അവനെ മുഷിപ്പിക്കരുതല്ലോ. അവനോടു സ്നേഹത്തോടെ മൂപ്പർ പറയും:

'കൊച്ചുനീലാണ്ടാ, അവളോടുള്ള സ്നേഹവും ഒന്നും കൊണ്ടല്ല. രഹസ്യം നിനക്കറിയാമല്ലോ. അവളെ നമ്മൾ കട്ടു കരകടത്താൻ പോകയാ.'

എന്നിട്ട് പാറുക്കുട്ടിയെ തടവും.

'ടത്തിയാനെ! സെറ്റിയാനെ!'

എന്നെല്ലാം പറയുകയും ചെയ്യും. ഈ വിധത്തിൽ പാറുക്കുട്ടിയോടുണ്ടായിരുന്ന എല്ലാ വഴക്കും തീർന്ന മട്ടായി. കൃത്യം നടക്കുന്നതിന്റെ തലേദിവസം ആനവാരി ചോദിച്ചു:

അടേ പൊൻകുരിശേ, കൊച്ചുനീലാണ്ടനെ കക്കാനാണു നമ്മൾ കൺട്രാക്ക് ഏറ്റിരുന്നെങ്കിൽ-?

പൊൻകുരിശു ചോദിച്ചു:

'താനൊത്തിരി ഏക്കമായിരുന്നല്ലേ? അത്തരം തൊഴിലവസരം നമുക്കു വേണ്ടേ, വേണ്ട!

ആനവാരി പറഞ്ഞു:

'കൊച്ചുനീലാണ്ടനെ കക്കാൻമാത്രം നമ്മൾ വളർന്നിട്ടുണ്ടോ? പൊൻകുരിശു പറഞ്ഞു:

'അതോർത്താൽ എനിക്കു കൊടലു വെറയ്ക്കും! വയറിളകും!

'പിന്നെ എനിക്കോ?

അങ്ങനെ ആശ്വാസത്തോടെ അവർ പാറുക്കുട്ടിയെ കക്കാൻ തീരുമാനിച്ചു. നല്ല ഇരുട്ടും കുറേശ്ശെ മഴയുമുള്ള ഒരു രാത്രി. നാട്ടുവെളിച്ചം തീരെ ഇല്ല. പഴക്കുലയുമായി പൊൻകുരിശു തോമാ മുമ്പുനിന്നു. ആനവാരി ആനയുടെ കൊളുത്തു ചങ്ങല അഴിച്ചു. പൊൻകുരിശു തോമ വേഗം നടന്നു. ഈണക്കത്തോടെ ആനവാരി പതുക്കെ പറഞ്ഞു:

'നടയാനെ!'

ആന കുറെ വേഗത്തിൽത്തന്നെ അങ്ങു നടന്നു. വരുതിക്കുള്ള നടപ്പല്ല. ആരെയും കൂസാത്ത നടപ്പ്! പൊൻകുരിശു തോമ ഓടി നദിയിലിറങ്ങി. ആനയും പിന്നാലെ. നദിയുടെ ഭാഗത്ത് ഇരുട്ടു കുറവാണ്. അപ്പോൾ ആനവാരി ശരിക്കു കണ്ടു. ഞെട്ടി. കൊച്ചുനീലാണ്ടനാണ് സൂചിക്കൊമ്പൻ! ചോരക്കണ്ണൻ! ക്ഷുഭിതൻ! അനേകം പേരെ

കൊന്ന ഭയങ്കരങ്ങളായ ആ കൊമ്പുകൾ രണ്ടും നല്ല വെള്ളയായിത്തന്നെ കാണാം! ആനവാരിയുടെ വായിലെ വെള്ളം വറ്റിപ്പോയി. തൊണ്ടയും ചുണ്ടുകളും ഉണങ്ങി. ആനവാരി ജീവഭയത്തോടെ പതുക്കെ പറഞ്ഞു:

'പൊൻകുരിശേ, തിരിഞ്ഞുനോക്കരുത്. നിനക്കു ധൈര്യമുണ്ടോ? ആളു തെറ്റിപ്പോയി. അവനാ!'

പൊൻകുരിശു തോമായ്ക്കു പെട്ടെന്നു കാര്യം മനസ്സിലായി. മഹാഗജപോക്രി—കൊച്ചുനീലാണ്ടനാണ്! ഒരു നിമിഷനേരത്തേക്ക് ബോധക്കേടു വന്നതുപോലെ തോന്നി. ഇല്ല. പൊൻകുരിശുതോമ വിചാരിച്ചു. ആനവാരി മരിക്കാൻ പോവുകയാണെങ്കിൽ ഞാനും മരിക്കാൻ പോവുകയാണ്! ചോരക്കണ്ണൻ ഗജപോക്രി കൊല്ലും! പൊൻകുരിശു തോമ ഉൾക്കിടിലത്തോടെ പതുക്കെ ചോദിച്ചു:

'എന്തു ചെയ്യണം?'

'പഴക്കൊല അവനു കൊടുത്തിട്ട്... ഒറ്റമുങ്ങ്... വലതുവശത്തേക്കു പോണം...പിറകേ ഞാനുമുണ്ട്.'

അങ്ങനെ രണ്ടുപേരും മുങ്ങാങ്കുഴിയിട്ട്, മുങ്ങാങ്കുഴിയിട്ട് ശ്വാസം കിട്ടാതെ മരിക്കാറായി നീന്തി നീന്തി രക്ഷപ്പെട്ടു കരപറ്റി. രണ്ടുപേരും കെട്ടിപ്പിടിച്ചു കിടുകിടാ വിറച്ചുകൊണ്ടു നോക്കി. കൊച്ചുനീലാണ്ടൻ നദിയിൽനിന്നു വെള്ളം കോരിയൊഴിച്ചു കുളിച്ചു രസിക്കുകയാണ്. പഴമെല്ലാം തിന്നുകഴിഞ്ഞു ക്ഷുഭിതൻ!

സഖാക്കൾ ജീവനില്ലാത്തതുമാതിരി താമസസ്ഥലത്തുപോയി കിടന്നു ഭയങ്കര സ്വപ്നങ്ങൾ കണ്ടുറങ്ങി.

കൊച്ചുനീലാണ്ടൻ പിറ്റേദിവസം കാലത്ത് ചാത്തങ്കേരി മനയ്ക്കൽ കയറിച്ചെന്നെന്നും എതിരൻ ശങ്കരൻനമ്പൂതിരിപ്പാടിനെ കുത്താനിട്ടോടിച്ചെന്നും പറയുന്നതിൽ എത്രകണ്ടു സത്യമുണ്ടെന്ന് ഈ വിനീത ചരിത്രകാരനറിഞ്ഞു കൂടാ. ഏതായാലും അവൻ മനയ്ക്കൽ ചെന്നു. ആനക്കാർ അവനെ ബുദ്ധിമുട്ടി തളയ്ക്കുകയും ചെയ്തു. സന്തോഷം.

ആനവാരിക്കും പൊൻകുരിശിനും അഞ്ചെട്ടുദിവസം കലശലായ വയറ്റിളക്കമുണ്ടായി. അതെല്ലാം ഭേദമായി സുഖത്തിലും സമാധാനത്തിലും ജീവിതം തുടർന്നപ്പോൾ ആനവാരി ഓർത്തു പറഞ്ഞു:

'അഡേ, പൊൻകുരിശേ!'

'എന്നഡേ ആനവാരീ?'

'നമ്മൾ മോഷ്ടിച്ചതു വൃത്തികെട്ട ആ പാറുക്കുട്ടിയെ ആയിരുന്നെങ്കിൽ, പിന്നെ ജീവിച്ചിരുന്നിട്ട് വല്ല കാര്യവുമുണ്ടോ? ആന ആയാലും എന്തായാലും—പെണ്ണല്ലേ? വലിയ കുറച്ചിലായിരുന്നേനെ!

മംഗളം

ശുഭം.

# ആനവാരിയും പൊൻകുരിശും

വൈക്കം മുഹമ്മദ് ബഷീർ

ബഷീർകൃതികൾ ഇന്നും എന്നും അതിന്റെ കലാപരമായ ഭംഗികൊണ്ട് വായിക്കപ്പെടുമെന്നതിനു സംശയമില്ല. തന്റെ തലമുറയിലെ മറ്റു ഗണനീയരായ എഴുത്തുകാരെപ്പോലെ അദ്ദേഹവും സാമൂഹിക ഉന്നമനം ലാക്കാക്കിയാണ് എഴുതിയത്. പക്ഷേ, നെടുങ്കൻ പ്രഭാഷണം നടത്താതെ തനിക്കു പറയാനുള്ളതു മൃദുവായും ഭംഗ്യന്തരേണയും പറഞ്ഞ് വായനക്കാരെ അനുനയിപ്പിച്ച് കൂടെ കൊണ്ടുപോകുന്ന അനനുകരണീയമായ രീതിയാണ് അദ്ദേഹം അവലംബിച്ചത് എന്നുമാത്രം.

-ആർ.ഇ. ആഷർ

കവർ ഡിസൈൻ: ഡിസൈൻ ഡിഫറൻസ്

ഡിസി ബുക്സ്

www.dcbooks.com

നോവൽ